**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**<u>പോലീസ് സ്റ്റേഷനിലെ സേവന കാലയളവ്</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1957 13/6/2019-ൽ മറുപടിക്ക്**

| **<u>ചോദ്യം</u>** | | **<u>മറുപടി</u>** |
|---|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

(എ) ഒരു പോലീസ് സ്റ്റേഷനിൽ പരമാവധി എത്ര വർഷമാണ് ഒരു പോലീസ് ഉദ്യോഗസ്ഥന് സേവനമനുഷ്ഠിക്കാൻ വ്യവസ്ഥയുള്ളതെന്ന് വ്യക്തമാക്കാമോ ;

(എ) 17/5/2004-ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 17/2004 ഉത്തരവ് പ്രകാരം ഒരു പോലീസ് ഉദ്യോഗസ്ഥന് ഒരു പോലീസ് സ്റ്റേഷനിൽ പരമാവധി 3 വർഷം വരെ സേവനമനുഷ്ഠിക്കാവുന്നതാണ്. എന്നാൽ ചില പ്രത്യേക അവസരങ്ങളിൽ പ്രസ്തുത കാലാവധി കഴിഞ്ഞും തുടരാൻ അനുവദിക്കാറുണ്ട്.

(ബി) ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി കാസറഗോഡ് ജില്ലയിൽ എത്ര പോലീസുകാർ ജോലി ചെയ്യുന്നുണ്ടെന്നത് സംബന്ധിച്ച സ്റ്റേഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ചുവടെ ചേർത്തിരിക്കുന്ന പോലീസ് സ്റ്റേഷനുകളിൽ 3 വർഷം കഴിഞ്ഞ് പോലീസ് ഉദ്യോഗസ്ഥർ പ്രവൃത്തിയെടുത്തുവരുന്നുണ്ട്.

| | | |
|---|---|---|
| വിദ്യാനഗർ പോലീസ് സ്റ്റേഷൻ | : | 3 |
| ബേഡകം പോലീസ് സ്റ്റേഷൻ | : | 1 |
| മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ | : | 2 |
| കാസർഗോഡ് പോലീസ് സ്റ്റേഷൻ | : | 9 |
| ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ | : | 5 |
| വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷൻ | : | 2 |
| ബേക്കൽ പോലീസ് സ്റ്റേഷൻ | : | 5 |
| കാസർഗോഡ് ട്രാഫിക് പോലീസ് സ്റ്റേഷൻ | : | 1 |

(സി) പ്രസ്തുത വ്യവസ്ഥക്ക് വിരുദ്ധമായി പോലീസുദ്യോഗസ്ഥന്മാർക്ക് ഒരേ സ്റ്റേഷനിൽ ജോലി ചെയ്യുന്നതിന്

(സി) പ്രത്യേക ഉത്തരവുകൾ നൽകിയിട്ടില്ല

| | | | |
|---|---|---|---|
| | സർക്കാരിന്റെ പ്രത്യേകാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | | |
| (ഡി) | ഒരു പോലീസ് സ്റ്റേഷനിലെ വ്യവസ്ഥ പ്രകാരമുള്ള സേവന കാലയളവ് പൂർത്തിയാക്കിയതിനു ശേഷം മറ്റൊരു സ്റ്റേഷനിലേക്കു മാറി വീണ്ടും പഴയ പോലീസ്സ്റ്റേഷനിലേക്കു തിരിച്ചുവന്ന് ജോലി ചെയ്യുന്ന എത്ര പോലീസ് ഉദ്യോഗസ്ഥന്മാർ കാസർകോട് ജില്ലയിൽ ഉണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | കാസർകോട് ജില്ലയിൽ സേവന കാലയളവ് പൂർത്തിയാക്കിയതിനു ശേഷം മറ്റൊരു സ്റ്റേഷനിലേക്കു മാറി വീണ്ടും പഴയ പോലീസ് സ്റ്റേഷനിലേക്കു തിരിച്ചുവന്ന് ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>വിദ്യാനഗർ : 1<br>ആദൂർ : 1<br>ബദിയടുക്ക : 1<br>കുമ്പള : 2<br>കാസർഗോഡ് : 6<br>ചന്തേര : 1<br>ബേക്കൽ : 5<br>കാസർഗോഡ് ട്രാഫിക് പി.എസ്. : 3 |
| (ഇ) | കാസർകോട് ജില്ലയിൽ സ്വന്തമായോ അല്ലെങ്കിൽ ജീവിത പങ്കാളിയുടെ പേരിലോ വീടുണ്ടായിട്ടും മറ്റു ജില്ലകളിലെ സ്ഥിരതാമസവിലാസം നൽകി കാസർകോട് ജില്ലയിൽ ജോലിചെയ്യുന്ന എത്ര പോലീസ് ഉദ്യോഗസ്ഥരുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ? | (ഇ) | നിലവിൽ ആരുമില്ല |

സെക്ഷൻ ഓഫീസർ